## കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്‌സിറ്റി

## കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്

## യു ജി മെൻസ് ഹോസ്റ്റൽ മണ്ണുത്തി

നമ്പർ: HC/M/2026/1 തീയതി : 30-04-2026

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്‌സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വെറ്ററിനറി കോളേജ് യു. ജി. മെൻസ് ഹോസ്റ്റൽ മണ്ണുത്തിയിലേക്കു 01.06.2026 മുതൽ 31.05.2027 വരെ കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി മെസ് ഏറ്റെടുത്തു ഹോസ്റ്റൽ കമ്മറ്റിയുടെ നിർദേശാനുസരണം ഭക്ഷണം പാകം ചെയ്തു വിളമ്പി തരേണ്ടതിലേക്കു പരിചയ സമ്പന്നരായ വ്യക്തികളിൽ നിന്നോ , സഹകരണ സംഘങ്ങളിൽ നിന്നോ, സ്വാശ്രയ സംഘങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. 30 പേരുള്ള യൂണിറ്റിന് തുക കണക്കാക്കിയുള്ള ക്വോട്ടേഷനുകൾ സീൽ ചെയ്ത കവറിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ**

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്തു "മെസ് നടത്തിപ്പിനുള്ള ക്വട്ടേഷൻ - 2026-27" എന്ന് രേഖപ്പെടുത്തിയിരിക്കണം.

വിലാസം : ഹോസ്റ്റൽ സെക്രട്ടറി, യു ജി മെൻസ് ഹോസ്റ്റൽ, സി വി എ എസ്, മണ്ണുത്തി , 680 651, Mob No: 8086288456

ക്വട്ടേഷൻ ലഭിക്കേണ്ട അവസാന സമയം : 22 -05 -2026, 1 PM

ക്വട്ടേഷൻ തുറക്കുന്ന സമയം : 22 -05 -2026, 1.30 PM (ഹോസ്റ്റൽ കമ്മറ്റി യോഗം ചേർന്ന് കൊട്ടേഷനുകൾ അവലോകനം ചെയ്തു, വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായി, മെസ് നടത്തുവാൻ സ്ഥാപനത്തിന് ഏറ്റവും യോജിച്ച കരാറുകാരനെ തിരഞ്ഞെടുക്കുന്നതാണ്. എല്ലാ തരം ഭക്ഷണങ്ങളും പാകം ചെയ്യുന്നതിനുള്ള പ്രാവീണ്യവും ഭക്ഷണത്തിന്റെ ഗുണ നിലവാരത്തെപ്പറ്റിയുള്ള പൊതു അഭിപ്രായവും കരാറുകാരനെ തിരഞ്ഞെടുക്കുന്നതിൽ കണക്കിലെടുക്കുന്നതാണ്. ഇത് സംബന്ധിച്ച അന്തിമ തീരുമാനം ഹോസ്റ്റൽ കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

നിരതദ്രവ്യം : തിരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ 7 ദിവസത്തിനകം 50,000 രൂപ ഹോസ്റ്റൽ ഓഫീസിൽ കെട്ടേണ്ടതാണ്.

കരാർ പ്രാബല്യം : 01.06.2026 മുതൽ 31.05.2027

താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കുവാൻ സാധ്യമെങ്കിൽ മാത്രം ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്.

1. കരാറുകാർ FSSAI മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്,FSSAI രെജിസ്ട്രേഷൻ ലൈസൻസ് എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ഭക്ഷണം പാകം ചെയ്യുവാനും വിൽക്കുവാനും സംസ്ഥാനത്തുള്ള എല്ലാ നിയമങ്ങളും പാലിക്കേണ്ടതാണ്.

2. കരാറുകാർ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് EPF/ESI മുതലായ സ്റ്റാറ്റിയൂട്ടറി ആനുകൂല്യങ്ങൾ കരാറുകാർ ലഭ്യമാക്കേണ്ടതാണ്

3. അതാതു മാസത്തെ തുക കരാറുകാരന് വിതരണം ചെയ്യുന്നത് മെസ് ജീവനക്കാരുടെ കഴിഞ്ഞ മാസത്തെ EPF/ESI മുതലായവ അടച്ചതിന്റെ രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രമായിരിക്കും

4. കരാർ കാലാവധിക്ക് ശേഷം നിരത ദ്രവ്യമായി വാങ്ങിയിട്ടുള്ള തുക ജീവനക്കാരുടെ ചട്ട പ്രകാരമുള്ള EPF/ESI മുതലായ തിരിച്ചടവുകൾ തീർപ്പാക്കിയതിനു ശേഷം മാത്രമായിരിക്കും തിരിച്ചു നൽകുന്നത്.

5. കരാറുകാർ ഹോസ്റ്റൽ മെസ് നടത്തുന്നതിനായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ അനുമതി പത്രങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുശാസിക്കുന്ന തൊഴിലാളികൾക്കുള്ള ക്ഷേമനിധിയും മറ്റു ആനുകൂല്യങ്ങളും, സംസ്ഥാന തൊഴിലാളി ജീവൻ സുരക്ഷാ പദ്ധതി, കരാർ നിയമങ്ങൾ, അന്തർദേശീയ കുടിയേറ്റ തൊഴിലാളി നിയന്ത്രണ നിയമങ്ങൾ, അടിസ്ഥാന വേതന നിയമം, നഷ്ട പരിഹാര നിയമം തുടങ്ങി സർക്കാർ അനുശാസിക്കുന്ന എല്ലാ നിയമങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച എല്ലാ തർക്കങ്ങളുടെയും പരിപൂർണ ഉത്തരവാദിത്വം കരാറുകാരിൽ നിക്ഷിപ്തമായിരിക്കും.

6. കരാറുകാർ ആരോഗ്യ വകുപ്പ് നിർദേശിക്കുന്ന എല്ലാ സാക്ഷ്യ പത്രങ്ങളും കരുതിയിരിക്കേണ്ടതും, ജീവനക്കാരുടെ വൈദ്യ പരിശോധനകൾ ഇടക്കിടെ നടത്തേണ്ടതുമാണ്. മെസ് തൊഴിലാളികളുടെ ഹെൽത്ത് കാർഡ് ഹോസ്റ്റൽ കമ്മറ്റിക്ക് മുൻപാകെ സമർപ്പിക്കേണ്ടതുമാണ്.

7 . ഭക്ഷണ പാനീയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഹെയർ മാസ്ക്, ഗ്ളാവ്സ്, ഫേസ് മാസ്ക് തുടങ്ങിയവ ഉപയോഗിക്കേണ്ടതാണ്. തൊഴിലാളികൾ യൂണിഫോമും ഓവർകോട്ടും ഉപയോഗിക്കേണ്ടതാണ്.

8. മെസ്സിലെ എല്ലാ ജീവനക്കാർക്കും തിരിച്ചറിയൽ രേഖ നിര്ബന്ധമാണ്. ജീവനക്കാരുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് കരാറിനോടൊപ്പം നൽകേണ്ടതാണ് .

9. മെസ്സിന്റെ അകവും, പുറവും, പരിസരവും മാലിന്യ വിമുക്തവും, ശുചിത്വപരമായും സൂക്ഷ്യ്ക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്.

10. കരാറുകാരും, തൊഴിലാളികളും, തമ്മിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങൾക്ക് ഹോസ്റ്റൽ കമ്മറ്റിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

11. കരാറിൽ നിന്നും കരാറുകാർ പിൻവാങ്ങുവാൻ ഉദ്ദേശിക്കുന്ന പക്ഷം ആ വിവരം കുറഞ്ഞത് 2 മാസം മുൻപ് ഹോസ്റ്റൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ് .

12. ഹോസ്റ്റൽ കമ്മറ്റിക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാറുകാരെ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ മുൻപ് നോട്ടീസ് നൽകി, കരാർ റദ്ധാക്കി ഒഴുവാക്കാവുന്നതാണ് .

13. തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ, 7 ദിവസത്തിനകം, സെക്യൂരിറ്റി തുകയായ 50,000/- രൂപ അടച്ചു 200 രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പു വെക്കേണ്ടതാണ്.

14. സേവന നികുതി, ആദായ നികുതി, GST, മറ്റു അനുബന്ധ നികുതികൾ കരാറുകാർ യഥാ സമയം അടക്കണ്ടതാണ്, അല്ലാത്ത പക്ഷം അവർ സ്വയം ഉത്തരവാദി ആയിരിക്കുന്നതാണ്.

15. മെസ്സിലെ സജ്ജീകരണങ്ങൾക്കു നാശ നഷ്ടങ്ങൾ സംഭവിച്ചാൽ അതിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കുന്നതായിരിക്കും.

16 മെസ്സിനും പരിസരത്തുമുള്ള വാഷ് ബേസിനുകൾ ശുചിയായും മാലിന്യമുക്തമായും സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം കരാറുകാരിൽ പൂർണമായും നിക്ഷിപ്തമാണ്.

17. ഹോസ്റ്റൽ കമ്മറ്റിക്ക് ഏതു സമയത്തും മെസ് പരിശോധിക്കുവാനുള്ള അവകാശം ഉണ്ട്.

18. യാതൊരു കാരണവും ബോധിപ്പിക്കാതെ ഏതൊരു കൊട്ടേഷനും നിരസിക്കുവാനുള്ള അധികാരം ഹോസ്റ്റൽ കമ്മറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

19. യാതൊരു വിധ ലഹരി വസ്തുക്കളും മെസ്സിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല

20. കൊട്ടേഷൻ കാലാവധിയിൽ അംഗീകരിച്ചിട്ടുള്ള നിരക്കുകൾ യാതൊരു കാരണവശാലും മാറ്റം വരുത്തുന്നതല്ല.

21.കരാറുകാരനുണ്ടായേക്കാവുന്ന ബാധ്യതകൾക്കു ഹോസ്റ്റൽ കമ്മറ്റി ഉത്തരവാദി ആയിരിക്കുന്നതല്ല.

Sd/-

ഹോസ്റ്റൽ സെക്രട്ടറി

യു ജി മെൻസ് ഹോസ്റ്റൽ

വെറ്ററിനറി കോളേജ് മണ്ണുത്തി